പാസ്സാക്കി കഴിഞ്ഞിട്ടില്ല. ഇനിയും 257 പഞ്ചായത്തുകളും മൈലാ പാസ്സാക്കേണ്ടതായിട്ടുണ്ട്.

(ബി) പാസ്സാക്കിയ മൈലാകളിൽ 228 എണ്ണം ഗസറ്റിൽ പ്രസ്ദ്ധം ചെയ്തിട്ടുണ്ട്.

STARRED QUESTIONS POSTED FOR ANSWER ON 5-3-1956.

കേരളസംസ്ഥാന രൂപീകരണം.

* 209. [1] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് കേരളസംസ്ഥാന രൂപീകരണത്തിനുവേണ്ടി ഈ ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ചെങ്കോട്ട താലൂക്കിൽപ്പെട്ട വനവിഭാഗം അതും അതിൽ തിട്ടപ്പെടുത്തുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കുടിയേറിപ്പാർക്കുവാൻ അയയ്ക്കപ്പെട്ടിട്ടുള്ള കുടുംബങ്ങൾ.

* 210. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിൽനിന്നും ആൻഡമാൻസിലേക്കും, തോപ്പാലിലേക്കും കുടിയേറിപ്പാർക്കുവാൻ അയയ്ക്കപ്പെട്ടിട്ടുള്ള കുടുംബങ്ങൾ എത്ര;

(ബി) അവർക്ക് ഗവണ്മെന്റിൽനിന്നും നൽകിയിട്ടുള്ള സഹായങ്ങൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 72 കുടുംബങ്ങൾ ആൻഡമാൻസിലേക്കും, 120 കുടുംബങ്ങൾ തോപ്പാലിലേക്കും അയക്കപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന ഗവണ്മെന്റിൽനിന്നും യാതൊരു സഹായവും നൽകിയിട്ടില്ല. എന്നാൽ ഈ രണ്ടു കുടിയേറ്റങ്ങളും ഇൻഡ്യാ ഗവണ്മെന്റിന്റെ ചില നിശ്ചിതപദ്ധതിയനുസരിച്ചുള്ളവയാണ്. ടി പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇൻഡ്യാഗവണ്മെന്റ് അവർക്ക് നൽകുന്നുണ്ട്.

Recommendations of the Pay Commission.

* 211. [6] SHRI K. SATTANATHA KARAYALAR: Will the Minister for Local Self Government be pleased to state:

(a) the names of Municipalities that have passed resolutions to implement the recommendations of the Pay Commission;

LIBRARY ARCHIVES Kerala Legislative Assembly